**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4844

14/11/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കണ്ണൂർ ജില്ലയിലെ വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട്

| ചോദ്യം<br>**ശ്രീ. റ്റി.വി.രാജേഷ്** | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഉൾപ്പെടെ വിവിധ പദ്ധതികളിലായി പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിദ്യാലയങ്ങൾക്ക് നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിക്ക് 493.5 കോടി രൂപയും, പ്രൈമറി വിഭാഗം സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതിക്ക് 292 കോടി രൂപയും, മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിക്ക് 705 കോടി രൂപയും, സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 288 കോടി രൂപയും ഉൾപ്പെടെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പദ്ധതികൾക്ക് 1778.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 759.33 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |
| (ബി) കണ്ണൂർ ജില്ലയിലെ എത്ര എയ്ഡഡ് വിദ്യാലയങ്ങൾക്ക് നാളിതുവരെ ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) കണ്ണൂർ ജില്ലയിലെ 8 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ചലഞ്ച് ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ